# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/ 06/ 2018

## 'ജില്ലയിൽ വൻ മയക്ക് മരുന്ന് വേട്ട ഏഴ് കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ'

മയക്ക് മരുന്ന് വ്യാപനം തടയുന്നതിന് വേണ്ടി രൂപികരിച്ച കൊല്ലം സിറ്റി



പോലീസ് ജില്ലാ ആന്റി നർക്കോട്ടിക്ക് സ്പെഷ്യൽ ഫോഴ്സിന്റെ സഹായത്തോടെ നടത്തിയ പരിശോധനയിൽ ജില്ലയിലെ സ്ക്കൂളുകളിലും കോളേജുകളിലും വിതരണത്തിന് കൊന്ന് വന്ന ഏഴ് കിലോ കഞ്ചാവുമായി യൂവാക്കൾ പിടിയിലായി. ജില്ലയിൽ മയക്കുമരുന്നുകളുടെയും കഞ്ചാവിന്റെയും വിപണനം നടക്കുന്നതായുള്ള രഹസ്യ വിവരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചതിനെ തുടർന്ന് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ദിവസങ്ങളായി നടത്തി വന്ന രഹസ്യ നിരീക്ഷണത്തിന് ശേഷമാണ് പ്രതികൾ പിടിയിലായത്. കൊല്ലം റയിൽവേ സ്റ്റേഷന് സമീപം വച്ച് ചില്ലറ വിൽപ്പന




യ്ക്കായ് ശേഖരിച്ച് കൊണ്ട് വന്ന നാലര കിലോഗ്രാം കഞ്ചാവുമായി കുപ്രസിദ്ധ മോഷ്ടാവ് തീവെട്ടി ബാബുവിന്റെ മകൻ നന്ദുവിനേ (22)

പിടികൂടിയത്. തുടർന്ന് നടത്തിയ പരിശോധനയിൽ നന്ദുവിന്റെ കൂട്ടാളിയായ അച്ചു എന്നു വിളിക്കുന്ന മിഥുൻ(22), സനൂജ് (26) എന്നിവരെ പാരിപ്പള്ളിയിൽ നിന്നും രണ്ടര കിലോ കഞ്ചാവുമായി പിടികൂടി. വിദ്യാർത്ഥികളേയും യൂവാക്കൾക്കളേയും കേന്ദ്രീകരിച്ചാണ് വിൽപ്പന നടത്തുന്നതെന്ന് പ്രതികൾ പറഞ്ഞിട്ടു്. ആയതിനാൽ മയക്ക്മരുന്നും, കഞ്ചാവും വിൽപ്പന നടത്തുന്നവരുടെ വിവരങ്ങൾ ജില്ലാ ആന്റി നർക്കോട്ടിക്ക് സ്പെഷ്യൽ ഫോഴ്സ് ശേഖരിച്ചിട്ടുണ്ടെന്നും വരു ദിവസങ്ങളിലും പരിശോധന നടത്തുന്നതാണെന്നും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.  കൊല്ലം സിറ്റി ഡി.സി. ആർ.ബി അസിറ്റന്റ് കമ്മീഷണർ സതീഷ്കുമാർ, കൊല്ലം എ.സി.പി പ്രദീപ്കുമാർ, കൊല്ലം ഈസ്റ്റ് എസ്സ്.ഐ ശിവകുമാർ, ചാത്തന്നൂർ എ.സി.പി ജവഹർ ജനാർദ്ദ്, പാരിപ്പള്ളി എസ്സ്.ഐ രാജേഷ്, എന്നിവർക്ക് പുറമേ സ്പെഷ്യൽ ബ്രാഞ്ച് എസ്സ്. ഐ വിപിൻകുമാർ ആന്റി നർക്കോട്ടിക്ക് ടീമംഗങ്ങളായ ബൈജൂ ജെറോം, ഹരിലാൽ, സുനിൽ, മനു, സജു, മണികണ്ഠൻ, നന്ദകുമാർ, സീനു, ശ്രീജൂ ജില്ലാ ആന്റി നർക്കോട്ടിക്ക് സ്പെഷ്യൽ ഫോഴ്സ് അംഗങ്ങൾ എന്നിവർ ചേർന്നാണ് മയക്ക് മരുന്ന് പിടിച്ചത്.

